# മഹാത്മാഗാന്ധിസർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/208/2017 2017ഒക്ടോബർ 07

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ എം.ഫിൽ (ബിസിനസ് സ്റ്റഡീസ്) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയത്തിനും വൈവാവോസിക്കുമുള്ള അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും.

രണ്ടാം വർഷ എം.ഫാം ഡിഗ്രി കോഴ്സിന്റെ തിസിസ് ഇവാല്യുവേഷനും വൈവാവോസിക്കുമുള്ള അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും.

**പുതുക്കിയ പരീക്ഷാ തീയതി**

രണ്ടാം വർഷ ബി.പി.ടി. (2015 അഡ്മിഷൻ റഗുലർ, 2008-2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 12 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

**ബി.പി.ടി. മേഴ്സി ചാൻസ്**

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ 2007 ബാച്ച് ബി.പി.ടി. വിദ്യാർത്ഥികൾക്ക് (2008 അഡ്മിഷന് മുമ്പുള്ള പഴയ സ്കീം) ഒരു മേഴ്സി ചാൻസ് പരീക്ഷ കൂടി അനുവദിക്കുന്നതാണ്.

**സർവ്വകലാശാലാ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പഠനവകുപ്പുകളിലും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും മുഴുവൻ സമയ പി.എച്ച്.ഡി. ഗവേഷണത്തിലേർപ്പെട്ടിരിക്കുന്ന ഗവേഷകരിൽ നിന്നും (50 പേർക്ക്) 2017 – 18 വർഷത്തേയ്ക്ക് പ്രതിമാസം 9,000 രൂപ നിരക്കിൽ സർവ്വകലാശാലാ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പിന് നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷകൾ നവംബർ 6 വരെ സമർപ്പിക്കാം. അപേക്ഷാഫോറവും വിശദവിവരങ്ങളും സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.സി.എ. ഓഫ് കാമ്പസ് (ദയവായി എല്ലാ എഡിഷനുകളിലും)**

ഒന്നു മുതൽ ആറു വരെ സെമസ്റ്റർ എം.സി.എ. ഓഫ് കാമ്പസ് (2007ന് മുമ്പുള്ള അഡ്മിഷനും, 2007 മുതൽ 2010 വരെയുള്ള അഡ്മിഷനും മേഴ്സി ചാൻസ്, 2011 മുതൽ അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഏപ്രിൽ/മെയ് 2017 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 10, 11, 12 എന്നീ തീയതികളിൽ നടത്തും. കണ്ണൂർ മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ ഓഫ് കാമ്പസ് കേന്ദ്രങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ചാലക്കുടി നിർമ്മല കോളേജ് ഓഫ് എഞ്ചിനീയറിംഗിലും, മറ്റ് ജില്ലകളിലെ വിദ്യാർത്ഥികൾ പത്തനംതിട്ട സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിലും പ്രാക്ടിക്കലിന് ഹാജരാകേണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.വോക് (റഗുലർ/സപ്ലിമെന്ററി) മാർക്കറ്റിംഗ് മാനേജ്മെന്റും ഐ.ടി.യും റീട്ടെയിൽ മാനേജ്മെന്റും ഐ.ടി.യും പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ പത്തിന് മാന്നാനം കെ.ഇ. കോളേജിൽ വച്ച് നടത്തും. ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം. എ. സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസിൽ 2017-18 അദ്ധ്യയന വർഷത്തിൽ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, എം.എ. ഡവലപ്മെന്റ് സ്റ്റഡീസ് എന്നീ പ്രോഗ്രാമുകൾക്ക് സീറ്റുകൾ ഒഴിവുണ്ട്. പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 9ന് രാവിലെ 11 മണിക്ക് ഡിപ്പാർട്ട്മെന്റിൽ ഹാജരാകേണ്ടതാണ്.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. ചൈൽഡ് ഡെവലപ്മെന്റ് ആന്റ് ബിഹേവിയർ സയൻസ് ബ്രാഞ്ചിൽ കോട്ടയം ബി.സി.എം. കോളേജിലെ പ്രസീദ പി.എസ്., ജെനീഷാ മോൾ ആന്റണി, ചിപ്പി ആർ. എന്നിവരും കമ്മ്യൂണിറ്റി ആന്റ് ഫാമിലി സയൻസ് ബ്രാഞ്ചിൽ അങ്കമാലി മോണിംഗ് സ്റ്റാർ കോളേജിലെ ടെസ് തോമസ്, മഞ്ജു പി.വി., ജൂലി കുര്യാക്കോസ് എന്നിവരും ഡയറ്ററ്റിക്സ് ആന്റ് ഫുഡ് സർവ്വീസ് മാനേജ്മെന്റ് ബ്രാഞ്ചിൽ കോട്ടയം സി.എം.എസ്. കോളേജിലെ രേഷ്മ രഞ്ജിത്ത്, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ വിനീത ആന്റണി, കോട്ടയം സി.എം.എസ്. കോളേജിലെ ഷീതാ വി.കെ. എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 21 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഫിസിക്സ് (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. കോട്ടയം സി.എം.എസ്. കോളേജിലെ ശീതൾ അനു രാജ്, വിദ്യാമോൾ പി.വി., സൂസൻ കെ. ബേബി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 21 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ ഒന്നും രണ്ടും മൂന്നും വർഷ ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 21 വരെ സ്വീകരിക്കും.

**ബി.എഡ്. ഉത്തരക്കടലാസ്**

രണ്ടാം സെമസ്റ്റർ ബി.എഡ്. (ദ്വിവത്സരം) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി കോട്ടയം മേഖലയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർ ഒക്ടോബർ 11, 12 വരെ തീയതികളിലും എറണാകുളം മേഖലയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർ ഒക്ടോബർ 17-ാം തീയതിയും എം.ജി. സർവ്വകലാശാലാ കാമ്പസിലെ പരീക്ഷാഭവനിൽ നിന്നും ഏറ്റുവാങ്ങേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**